# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 586:** **12/06/2012- ൽ മറുപടിക്ക്**

## വ്യവസായ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ വൈദ്യുതി നിയന്ത്രണം

**ചോദ്യം** **ഉത്തരം**

**ശ്രീ. സി. ദിവാകരൻ :**
**ശ്രീ. പി. തിലോത്തമൻ :**
**ശ്രീ. വി. ശശി:**
**ശ്രീ. ഇ.കെ. വിജയൻ :**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് നൽകുന്ന വൈദ്യുതിക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്. വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 2012 ഏപ്രിൽ 5-ലെ 20/2012 നമ്പർ ഉത്തരവ് പ്രകാരം 02/04/2012 മുതൽ 31/05/12 വരെ അര മണിക്കൂർ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തുകയുണ്ടായി. കൂടാതെ 05/04/12 മുതൽ എല്ലാ ഹൈടെൻഷൻ, ലോടെൻഷൻ ഉപഭോക്താക്കൾക്കും വൈദ്യുതി ഉപയോഗം അവരുടെ മുൻവർഷത്തെ വൈദ്യുതി ശരാശരി ഉപഭോഗത്തിന്റെ 90% ആക്കി നിജപ്പെടുത്തുകയുണ്ടായി. 90% ന് മുകളിൽ വരുന്ന ഉപയോഗത്തിന് അധിക തുകയായി യൂണിറ്റ് ഒന്നിന് പത്തു രൂപ വീതം ഈടാക്കുവാൻ ഉത്തരവിട്ടു. പ്രസ്തുത നിയന്ത്രണം 31/05/2012 ൽ അവസാനിച്ചു.<br><br>സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിലുള്ള അഭൂതപൂർവ്വമായ വർദ്ധനവ്, ദ്രവ ഇന്ധന വൈദ്യുതി നിലയങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയിലുണ്ടായ വർദ്ധനവ്, പവർ എക്സ്ചേഞ്ചിൽ നിന്നും വൈദ്യുതി വ്യാപാരികളിൽ നിന്നും ഉള്ള വൈദ്യുതി യുടെ ലഭ്യത കുറവ്, ജലവൈദ്യുതി നിലയങ്ങളിൽ നിന്നുള്ള ഉല്പാദന കുറവ് എന്നിവ മൂലം ഉണ്ടായ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുന്നതിനായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ 30/03/12 ലെ പെറ്റീഷൻ മുഖാന്തിരം കെ.എസ്.ഇ.ബി, ബഹുമാനപ്പെട്ട സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് അഭ്യർത്ഥിക്കുകയുണ്ടായി. സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത്, കമ്മീഷൻ അതിന്റെ 05/04/2012 ലെ ഉത്തരവ് പ്രകാരം എല്ലാ വിഭാഗം (വ്യവസായങ്ങൾ ഉൾപ്പെടെ) എച്ച്.റ്റി/ഇ.എച്ച്. റ്റി ഉപഭോക്താക്കൾക്കും വൈദ്യുതി ഉപയോഗത്തിൽ താഴെപറയുന്ന രീതിയിൽ നാമമാത്രമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ അനുമതി നൽകി. 05/04/12 മുതൽ 31/05/2012 വരെയുള്ള |

| | | | |
|---|---|---|---|
| | | | ഉപഭോഗത്തിനാണ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്.<br><br>എച്ച്.റ്റി/ഇ.എച്ച്.റ്റി വ്യാവസായിക വിഭാഗത്തിലുള്ള ഉപഭോക്താക്കൾക്ക് 01/04/2011 മുതൽ 31/03/2012 വരെയുള്ള കാലയളവിലുള്ള പ്രതിമാസ ശരാശരി ഉപയോഗത്തിന്റെ 90% വരുന്ന വൈദ്യുതിക്ക് സാധാരണ നിരക്കും അതിന് മുകളിൽ വരുന്ന ഉപഭോഗത്തിന് യൂണിറ്റൊന്നിന് 10 രൂപാ നിരക്കിലും ( 05/04/2012 മുതൽ 31/05/2012 വരെ) നൽകേണ്ടതാണ്.<br><br>01/06/2012 മുതൽ വ്യവസായങ്ങൾക്ക് വൈദ്യുതി ഉപയോഗത്തിന് യാതൊരുവിധ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത നിയന്ത്രണം മൂലം വ്യവസായ സ്ഥാപനങ്ങൾ ഉല്പാദനം കറച്ചിട്ടുണ്ടോയെന്നും ഉല്പാദനം കറച്ചതു കാരണം സ്ഥാപനങ്ങൾ നഷ്ടത്തിലായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ഇത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതി നിയന്ത്രണം മൂലം വ്യവസായ ഉൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ട്. നിയന്ത്രണം മൂലം ഡീസൽ ജനറേറ്ററുകൾ ഉപയോഗിക്കേണ്ടി വന്നതിനാൽ ഉൽപ്പാദന ചെലവിൽ വർദ്ധനവ് വന്നിട്ടുണ്ട്. 31/05/12 ന ശേഷം വൈദ്യുതി ഉപയോഗത്തിൽ ഉള്ള നിയന്ത്രണം നീക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ വൈദ്യുതി ക്ക് ഉയർന്ന നിരക്കിൽ എന്തു തുക നൽകി വരുന്നുണ്ടെന്നും വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ വിഭാഗം വ്യാവസായിക സ്ഥാപനങ്ങളും വൈദ്യുതി നിയന്ത്രണ പരിധിയിൽ വന്നിട്ടുണ്ട്. ഈ ഉപഭോക്താക്കൾ നിയന്ത്രണ പരിധിയിൽ വരുന്ന സമയങ്ങളിലുള്ള, നിയന്ത്രണ പരിധിക്കുള്ളിലുള്ള ഉപഭോഗത്തിന് സാധാരണ നിരക്ക് നൽകിയാൽ മതിയാകും. എന്നാൽ പരിധിക്ക് മുകളിലുള്ള ഉപഭോഗത്തിന് യൂണിറ്റൊന്നിന് 10/- രൂപ നിരക്കിൽ നൽകേണ്ടതാണ്. നിയന്ത്രണ പരിധി (Quota) എന്നത് 01/04/2011 മുതൽ 31/03/2012 വരെയുള്ള കാലഘട്ടത്തിലെ പ്രതിമാസ ശരാശരി ഉപഭോഗത്തിന്റെ 90% ആണ്. |

**സെക്ഷൻ ഓഫീസർ**